ഉത്തരം

(എ) ഈ കാലയളവിൽ സംസ്ഥാനത്ത് 38 രാഷ്ട്രീയകൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(ബി) 35 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 13 കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ഡി) കൊല്ലം ജില്ലയിലെ ഒരു കേസിലേയും, തൃശ്ശൂർ ജില്ലയിലെ രണ്ടു കേസുകളിലേയും പ്രതികളെ ഇനി അറസ്റ്റു ചെയ്യുവാനുണ്ട്.

മാരാരിക്കുളത്തെ സി. ജി. ഫ്രാൻസിസിന്റെ കൊലപാതകം സംബന്ധിച്ച അന്വേഷണം

70 [71] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.പി.ഐ. (എം) മാരാരിക്കുളം ഏരിയാ കമ്മിറ്റി അംഗമായിരുന്ന ബെന്നി എന്ന സി. ജി. ഫ്രാൻസിസിനെ 2004 മാർച്ച് 16-ന് ആർ.എസ്.എസ്.-കാർ കൊലപ്പെടുത്തിയത് സംബന്ധിച്ച് സർക്കാർ അന്വേഷണം എന്തെങ്കിലും നടത്തിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എത്ര പേരുടെ പേരിൽ ഏതെല്ലാം വകുപ്പുകളനുസരിച്ച് കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് കുറ്റപത്രം സമർപ്പിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കേസ്സിലെ എത്ര പ്രതികളെ അറസ്റ്റു ചെയ്തു; അവർ ആരെല്ലാം; ഏതെല്ലാം പ്രതികളെയാണ് ഇനിയും അറസ്റ്റ് ചെയ്യാനുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ബെന്നി എന്ന സി. ജി. ഫ്രാൻസിസിനെ കൊലപ്പെടുത്തിയത് സംബന്ധിച്ച് മാരാരിക്കുളം പോലീസ് സ്റ്റേഷനിൽ ക്രൈം 85/04 നമ്പർ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) 13 പ്രതികൾക്കെതിരെ യു./എസ്. 143, 147, 148, 149, 324, 109, 212, 120(ബി), 302 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇല്ല. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് കുറ്റപത്രം സമർപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 13 പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്. അവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു. ഇനി ആരേയും അറസ്റ്റ് ചെയ്യുവാൻ ഇല്ല.

(1) പ്രദീപ്, (2) ജഗദീഷ്, (3) ഗിരീഷ്, (4) മനോഷ്, (5) അനീഷ്, (6) രഘുനാഥ്, (7) സജീവ്, (8) ജോർജ്, (9) സജിത്ത്, (10) ആന്റണി, (11) രാജു, (12) അശോക് കുമാർ (13) സേവ്യർ.

രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം കേസുകൾ

71 [72] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം കേസുകൾ എത്ര;

(ബി) ക്രൈം കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) ഇതിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് പറയുമോ?

ഉത്തരം

(എ) 4,51,985 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി)

തിരുവനന്തപുരം	..	51,673
കൊല്ലം	..	37,863
പത്തനംതിട്ട	..	20,329
ആലപ്പുഴ	..	30,016
കോട്ടയം	..	29,643
ഇടുക്കി	..	16,224
എറണാകുളം	..	49,969
തൃശ്ശൂർ	..	45,457
പാലക്കാട്	..	25,152
മലപ്പുറം	..	34,678
കോഴിക്കോട്	..	39,887
വയനാട്	..	9,602
കണ്ണൂർ	..	43,467
കാസർകോട്	..	15,230
ക്രൈംബ്രാഞ്ച് വിഭാഗം	..	1,078
റെയിൽവേ വിഭാഗം	..	1,717
ആകെ	..	451,985

(സി) 340,895 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly